കായൽ കയ്യേറ്റങ്ങൾ

6 (*546) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യാപകമായി കായൽ കയ്യേറ്റങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന്റെ ഭാഗമായി കായൽ വിസ്തൃതി കുറഞ്ഞുവരുന്ന കാര്യം അറിവുള്ളതാണോ ;

(ബി) ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; കയ്യേറിയ പ്രദേശങ്ങൾ തിരിച്ചുപിടിക്കുന്നതിനും കയ്യേറ്റം തടയുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) കായൽ കയ്യേറ്റങ്ങൾക്ക് റവന്യൂ ഉൾപ്പെടെയുള്ള വകുപ്പുകൾ കൂട്ടുനിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) റവന്യൂ രേഖകളിൽ തിരിമറി നടത്തിയും വ്യാജ തണ്ടപ്പേർ നമ്പറുകൾ സൃഷ്ടിച്ചും നടത്തുന്ന അഴിമതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) വൻതോതിൽ പരിസ്ഥിതി ആഘാതത്തിന് വഴിവയ്ക്കുന്ന ഇത്തരം പ്രവർത്തനങ്ങൾക്കെതിരെ എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) തിരുവനന്തപുരം ജില്ലയിൽ വെള്ളായണി കായൽ കയ്യേറ്റവും കൊല്ലം, ആലപ്പുഴ ജില്ലകളിൽ കണ്ടെത്തിയ അനധികൃത കയ്യേറ്റങ്ങളും ഒഴിപ്പിക്കുവാൻ ഭൂ സംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിച്ചുവരുന്നു. കോട്ടയം, എറണാകുളം, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും കായൽകയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോട്ടയം ജില്ലയിൽ കായൽ വിസ്തൃതി കുറഞ്ഞുവരുന്നകാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ ചാവക്കാട് താലൂക്കിൽപ്പെട്ട ചക്കംകണ്ട കായൽ, മന്നിക്കായൽ എന്നിവിടങ്ങളിൽ കയ്യേറ്റം സംബന്ധിച്ച പരാതി ലഭ്യമായിട്ടുണ്ട്. പത്തനംതിട്ട, ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിൽ കായൽ ഇല്ലാത്തതും വയനാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ കായൽകയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലെ കായൽ കയ്യേറ്റത്തെ സംബന്ധിച്ച് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. കയ്യേറ്റം കണ്ടെത്തിയ പ്രദേശങ്ങളിൽ അഡീഷണൽ തഹസീൽദാർ, താലൂക്ക് സർവേയർ, വില്ലേജ് ഓഫീസർ എന്നിവർ മുഖാന്തരം ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കോട്ടയം, എറണാകുളം ജില്ലകളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) കായൽകയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ബന്ധപ്പെട്ട തഹസീൽദാർ, താലൂക്ക് സർവേയർ, വില്ലേജ് ഓഫീസർ എന്നിവർ മുഖേന അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. കായൽകയ്യേറ്റം തടയുന്നതിന് ബന്ധപ്പെട്ട നിർദ്ദേശം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയും ആയത് ഒഴിപ്പിക്കുന്നതിന് എല്ലാ സഹായവും നൽകുന്നതുമാണ്.

പുതുക്കിയ റേഷൻ കാർഡുകൾ നൽകുന്നതിന് പദ്ധതി

7 (*547) ശ്രീ. അൻവർ സാദത്ത് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുക്കിയ റേഷൻകാർഡുകൾ നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത് ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly